(സി) പ്രസ്തുത റോഡിൽ ലോ ടെൻഷൻ ലൈനും, സ്ട്രീറ്റ് ലൈറ്റ് മെയിനും നിലവിലുണ്ട്. ഒരേ പോസ്റ്റിൽ കൂടി തന്നെയാണ് ഹൈടെൻഷൻ ലൈനും, ലോടെൻഷൻ ലൈനും വലിച്ചിട്ടുള്ളത്. ലൈൻ ആരുടെയും പുരയിടത്തിൽ കയറാതെയിരിക്കാനും, കൂടുതൽ മരച്ചില്ലുകൾ വെട്ടാതെയിരിക്കാനും വേണ്ടി സൈഡ് ആം ഇട്ടാണ് ലൈൻ വലിച്ചിരിക്കുന്നത്. ചില മരത്തിന്റെ ഏതാനും ശിഖരങ്ങൾ മുറിച്ചു മാറ്റേണ്ടി വരുമെന്നത് മാത്രമാണ് പ്രശ്നം. പഞ്ചായത്തിന്റെ വകയാണെന്ന് അധികൃതർ പറഞ്ഞിരിക്കുന്ന റോഡിലൂടെ മാത്രമാണ് ലൈൻ വലിച്ചിരിക്കുന്നത്. ആയതിനാൽ കോളനി നിവാസികൾക്ക് പ്രത്യേകിച്ച് പ്രശ്നങ്ങൾ ഒന്നും ഉണ്ടാകുന്നില്ല.

(ഡി) ബോർഡിൽ നിലവിലുള്ള നിയമം അനുസരിച്ച് നഷ്ടപരിഹാരത്തിന് അർഹതയില്ല.

(ഇ) ഇല്ല. പ്രസക്തമല്ല.

(എഫ്) ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു:ഹൈക്കോടതിയുടെ തീരുമാനം നിലവിലുള്ള സാഹചര്യം പരിഗണിച്ച് അഭിപ്രായസമന്വയത്തിലൂടെ കോടതിയുടെ അംഗീകാരത്തിനു വിധേയമായി പ്രശ്നം പരിഹരിക്കുക എന്നതാണ് സർക്കാർ നിലപാട്.

സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പയുടെ പലിശ

125 (293) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ:
ശ്രീ. ഇ. ടി .മുഹമ്മദ് ബഷീർ:
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളും അംഗങ്ങൾക്ക് വസ്തു ജാമ്യത്തിലും ആൾ ജാമ്യത്തിലും അനുവദിക്കുന്ന വായ്പകൾക്ക് പലിശ ഈടാക്കുന്ന ഇപ്പോഴത്തെ രീതി ഗുണത്തേക്കാളേറെ അവരെ കടക്കെണിയിൽ കുരുക്കി അധഃപതിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ വായ്പ എടുത്ത് അടച്ചു തീർത്തു കിട്ടാൻ വിഷമിക്കുന്ന അംഗങ്ങൾക്ക് വേണ്ടി പലിശയിനത്തിൽ എന്തെങ്കിലും ഇളവ് നൽകി അവരുടെ കടം തീർക്കാൻ സൗകര്യം നൽകുമോ ?

ഉത്തരം

(എ) ഇല്ല. ബാങ്കുകൾ പലിശ ഈടാക്കിയെടുക്കുന്നതിൽ എന്തെങ്കിലും പിശകുകൾ വരുന്ന പക്ഷം വ്യക്തിഗത പരാതികളിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) സഹകരണ സംഘങ്ങളിൽ നിന്നും എടുത്ത വായ്പ അടച്ചു തീർക്കാൻ വിഷമിക്കുന്നവർക്ക് പലിശ ഇളവ് നൽകുന്നതിന് പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളൊന്നും ഇപ്പോൾ നിലവില്ല. എന്നാൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 'അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം' പ്രകാരം അടച്ചു തീർത്ത മുതലിന്റെ 5% തുക ആശ്വാസമായി അനുവദിക്കുന്നുണ്ട്. അതു പോലെ കാലാകാലങ്ങളിൽ സഹകരണ മേഖലയിൽ നടത്തുന്ന കുടിശ്ശിക നിവാരണ യജ്ഞമാസ കാലയളവിൽ അടച്ചു തീർക്കുന്ന കുടിശ്ശികയിന്മേൽ അംഗങ്ങൾക്ക് പിഴപ്പലിശ ഇളവ് നൽകുന്ന കാര്യം അതാത് സംഘങ്ങളുടെ ഭരണസമിതികൾക്ക് തീരുമാനിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

തലശ്ശേരിയിൽ സ്ഥാപിക്കുന്ന ക്യാൻസർ ആശുപത്രി

126 (294) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം:
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
ശ്രീമതി രാധാ രാഘവൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ സ്ഥാപിക്കുന്ന ക്യാൻസർ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ചുമതല എസ്എൻ.സി. ലാവലിൻ എന്ന കമ്പനിക്കാണോ ;

(സി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണ ജോലികൾക്ക് എസ്.എൻ.സി ലാവലിൻ എത്ര തുക ഇതേവരെ മുടക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ഡി) സംസ്ഥാന സർക്കാർ ഈ സംരംഭത്തിന് ഇതേവരെ എത്ര തുക മുടക്കിയിട്ടുണ്ട് ;

(ഇ) എസ്.എൻ.സി. ലാവലിൻ ഏതൊക്കെ ഏജൻസികളിൽ നിന്നാണ് ഇതിനുള്ള തുക സമാഹരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ;

(എഫ്) ഓരോ ഏജൻസിയുടെ വിഹിതം എത്രയാണ് ;

(ജി) ഈ ഏജൻസികൾ ഈ സംരംഭത്തിന് പണം മുടക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് ഗവൺമെന്റിനറിവുണ്ടോ ;

(എച്ച്) അത് സംബന്ധിച്ച് ഗവൺമെന്റിലെ ഏതെല്ലാം തലങ്ങളിൽ ചർച്ച നടന്നിട്ടുണ്ട്; കരാർ വല്ലതും ഒപ്പു വച്ചിട്ടുണ്ടോ ;

(ഐ) എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിയെ ഇതിന്റെ ചുമതല ഏല്പിക്കുന്നതിനുള്ള തീരുമാനം ഏതു തലത്തിലാണെടുത്തത് ;

LIBRARY ARCHIVES Kerala Legislative Assembly